**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **13-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിശോധിക്കുന്നതിനായി സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി സർക്കാർ സമിതിയെ നിയോഗിച്ചിരുന്നോ; അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആശയം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സംരംഭകരെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും, സർക്കാർ, നുവാൽസ് വി.സി.ഡോ.സണ്ണിയുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിരുന്നു. |
| (ബി) | പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതും സംരംഭകരെ ബാധിക്കുന്നതുമായ നിലവിലുള്ള വിവിധ നിയമങ്ങളിൽ സമിതി സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് അന്തിമ റിപ്പോർട്ടായി സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (സി) | റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും ശിപാർശകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ? | (സി) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും വിവിധ വകുപ്പുകളുടെ കീഴിൽവരുന്ന നിലവിലുള്ള നിയമങ്ങൾ സമിതി പരിശോധിച്ചിരുന്നു. തദ്ദേശസ്വയംഭരണം, തൊഴിൽ, റവന്യൂ, വ്യവസായം, തുടങ്ങി വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. ഇവ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി, ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരുമായും മന്ത്രിതല ചർച്ചകൾ നടത്തിയിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ് മന്ത്രിമാരുമായി വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തി. ഡോ.സണ്ണി കമ്മിറ്റി റിപ്പോർട്ടിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, മൈനിംഗ് & ജിയോളജി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | (I) വ്യവസായ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും<br><br>(ii)വ്യവസായ വകുപ്പിന്റേയും തൊഴിലും നൈപുണ്യവും വകുപ്പിന്റേയും<br><br>(iii) വ്യവസായ വകുപ്പിന്റേയും മൈനിംഗ് & ജിയോളജി വകുപ്പിന്റേയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് 3 പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പുകൾ അനുപേക്ഷണീയമെന്ന് കാണുന്ന ഭേദഗതികൾ ഭരണവകുപ്പ് തലത്തിൽ പരിശോധിച്ച് അന്തിമപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ